# മക്കോടി

കൊല്ലം ശ്രീനാരായണ കോളേജ് വാർത്താ പത്രിക

ലക്കം 5 | 2021 ഡിസംബർ


പത്ര വാർത്തകളിൽ നമ്മുടെ കോളേജ്

## ദേശീയ അംഗീകാര തിളക്കത്തിൽ കൊല്ലം എസ്.എൻ കോളേജ്

■ ദേശീയ അടൽ റാങ്കിംഗിൽ രണ്ടാം സ്ഥാനത്ത്



കൊല്ലംഎസ്.എൻകോളേജ്

കൊല്ലം: ദേശീയവിദ്യാഭ്യാസ മന്ത്രാലയത്തിന്റെ അടൽറാങ്കിംഗ്ഒഫ്ഇൻസ്റ്റിറ്റ്യൂഷൻഓൺഇന്നോവേഷൻസ്അച്ചീവ്മെന്റ്സിൽ (ARIIA) കൊല്ലം എസ്.എൻ കോളേജ്ദേശീയതലത്തിൽരണ്ടാംസ്ഥാനത്ത് എത്തിയത് സർവകലാശാലകളെപ്പോലും പിന്തള്ളി. രാജ്യത്തെ പ്രമുഖ സർവകലാശാലകളും കോളേജുകളും ഉൾപ്പെടുന്ന സാങ്കേതികയിതര സർക്കാർ, സ്വകാര്യ സർവകലാശാലകളുടെയും സ്ഥാപനങ്ങളുടെയും ജനറൽ കാറ്റഗറി വിഭാഗത്തിലാണ് ഈ നേട്ടം കൈവരിച്ചത്. മത്സരിച്ച 1438 സ്ഥാപനങ്ങളെപിന്നിലാക്കിയാണ് എസ്.എൻ.കോളേജ്രണ്ടാം സ്ഥാനത്ത്എത്തിയത്.

ബൗദ്ധിക സ്വത്തവകാശ വ്യാപനം, സാങ്കേതിക വിദ്യകളുടെ കൈമാറ്റം, സംരംഭകത്വ പ്രോത്സാഹനം, സ്റ്റാർട്ടപ്പ്തുടങ്ങിയവ മുൻനിർത്തിയുള്ള കണ്ടെത്തലുകളാണ് റാങ്കിംഗിന് പരിഗണിച്ചത്. 10സയൻസ്‌ലാബുകൾകോളേജിനെമികവിന്റെകേന്ദ്രമാക്കുന്നതായുംറാങ്കിംഗ്നിർണയ സമിതി കണ്ടെത്തി. സാമ്പത്തിക സഹായങ്ങളുടെ ഫലപ്രദമായ വിനിയോഗം, തൊഴിൽ അടിസ്ഥാന ബോധനം, മറ്റ് സ്ഥാപനങ്ങളുമായുള്ള ക്രിയാത്മക സഹകരണം, നവീന പാഠ്യ, പാഠ്യേതര പ്രവർത്തനങ്ങൾ, വിവരസാങ്കേതികവിദ്യയുടെ ക്രിയാത്മക ഉപയോഗം, സ്ഥാപനത്തിലെഭരണ മികവ്എന്നിവയുംറാങ്കിംഗിനായിപരിഗണിച്ചു. നൂറ്റി പത്തോളം നൂതന ഗവേഷണ പേപ്പറുകൾ ഇവിടത്തെ അദ്ധ്യാപകരും വിദ്യാർത്ഥികളുംപ്രസിദ്ധീകരിച്ചിട്ടുണ്ട്.

കൊവിഡിന് മരുന്ന് കണ്ടെത്തുന്നതിനുള്ളഗവേഷണത്തിൽ കെമിസ്ട്രി വിഭാഗം പങ്കാളിയായിട്ടുണ്ട്. തൊഴിൽ ലഭ്യമാക്കുന്ന തരത്തിലുള്ള 28ഓളം നൂതന കോഴ്സുകൾ കോളേജിൽ നടക്കുന്നുണ്ട്. തേനീച്ചവളർത്തൽ, കൂൺ കൃഷി, കണ്ടന്റ്റൈറ്റിംഗ് തുടങ്ങി നിരവധി കോഴ്സുകൾ കോളേജിലുണ്ട്. കോളേജിലെനിക്ഷേപകക്ലബ്ബുംചോക്ലേറ്റ്യൂണിറ്റുംനടത്തുന്നുണ്ട്. അദ്ധ്യാപകരും വിദ്യാർത്ഥികളും മറ്റ് സ്ഥാപനങ്ങളിലെ നൂതന സെമിനാറുകളിലും വർക്ക്ഷോപ്പുകളിലും പങ്കെടുത്തിട്ടുണ്ട്. അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഗവേഷണ വിഷയങ്ങൾ വൈവിദ്ധ്യമാർന്നതാണെന്നുംസമിതി കണ്ടെത്തി.

> "അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഗവേഷണ വിദ്യാർത്ഥികളുടെയുംകൂട്ടായപരിശ്രമം കൊണ്ടാണ് കോളേജിന് ഈ നേട്ടം കൈവരിക്കാനായത്.
>
> ഡോ. ആർ. സുനിൽകുമാർ
> *പ്രിൻസിപ്പൽ, കൊല്ലം എസ്.എൻകോളേജ്*

## കെ പി അപ്പൻ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള തത്വചിന്ത അവതരിപ്പിച്ച വിമർശകൻ: പി കെ രാജശേഖരൻ



കൊല്ലം എസ്എൻ കോളജ് മലയാളവിഭാഗം സംഘടിപ്പിച്ച കെ പി അപ്പൻ അനുസ്മരണത്തിൽ പി കെ രാജശേഖരൻ മുഖ്യപ്രഭാഷണം നടത്തുന്നു

കൊല്ലം: മലയാളവിമർശനത്തിൽ സ്വാതന്ത്ര്യത്തെക്കുറിച്ച് ഏറ്റവും കൂടുതൽ എഴുതിയ വിമർശകനായിരുന്ന കെ പി അപ്പനെന്നും എഴുത്തുകാരന്റെ സ്വാതന്ത്യത്തെക്കുറിച്ചുള്ള തത്വചിന്ത അവതരിപ്പിക്കുകയായിരുന്നു അദ്ദേഹം ചെയ്തതെന്നും സാഹിത്യവിമർശകൻ പി കെ രാജശേഖരൻ പറഞ്ഞു. കൊല്ലം എസ് എൻ കോളജ് മലയാള വിഭാഗം സംഘടിപ്പിച്ച കെ പി അപ്പൻ അനുസ്മരണത്തിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്ന പി കെ രാജശേഖരൻ.

സാഹിത്യത്തിന്റെ രഥത്തിൽ കൊത്തിവയ്ക്കപ്പെട്ടിട്ടുള്ള 'അതിഭയങ്കരമായ' ഒരു പദമാണ് സ്വാതന്ത്ര്യം എന്നും ആ സ്വാതന്ത്ര്യമാണ് തന്റെ സാഹിത്യവിമർശനത്തിന്റെ പ്രേരണാതത്വമെന്നും അപ്പൻ എഴുതിയിട്ടുണ്ട്. മലയാളസാഹിത്യവിമർശനത്തെ സൈദ്ധാന്തികമായ തലത്തിൽ നിന്നുമാറ്റി സൗന്ദര്യാത്മകമായ തലത്തിലേക്ക് കൊണ്ടുപോവുകയാണ് അപ്പൻ ചെയ്തത്. അപ്പനെപ്പോലുള്ളവർ കാല്പനികഭാഷയിലാണ് എഴുതിയത് എന്ന് ധാരാളം വിമർശനം ഉണ്ടായിട്ടുണ്ട്. എന്നാൽ മൗലികമായ ചിന്തകളും സിദ്ധാന്തങ്ങളും അവതരിപ്പിച്ചിട്ടുള്ള ലോകത്തിലെ എല്ലാ എഴുത്തുകാരും കാവ്യാത്മകമായ ഭാഷയിലാണ് എഴുതിയിട്ടുള്ളത് എന്ന കാര്യം നാം വിസ്മരിക്കരുത്. ലോകത്തിലെ ഏറ്റവും മനോഹരമായ പുസ്തകം എന്ന് തോന്നിയിട്ടുള്ളത് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയാണ്. അതിലെ ആദ്യവാചകം തന്നെ മനോഹരമായ ഒരു ആലങ്കാരിക പ്രയോഗത്തിലാണ് തുടങ്ങുന്നത്. 'യൂറോപ്പിനെ ഒരു ഭൂതം പിടികൂടിയിരിക്കുന്നു. കമ്മ്യൂണിസത്തിന്റെ ഭൂതം'. മാർക്സ് മാത്രമല്ല പ്ലേറ്റോ ഉൾപ്പെടെയുള്ളവരെല്ലാം അത്തരം കാവ്യാത്മക ഭാഷയിലാണ് എഴുതിയിരുന്നത്. അപ്പൻ ഏതെങ്കിലും ഒരു സിദ്ധാന്തത്തിന്റെ മാത്രം പിൻബലത്തിൽ നിരൂപണം നടത്തിയ ആളായിരുന്നില്ല. ഒട്ടേറെ വിമർശന ടൂളുകൾ അദ്ദേഹം ഉപയോഗിച്ചിരുന്നു. വിമർശനത്തെ നോവൽ പോലെയും കഥ പോലെയും ഉള്ള ഒരു വ്യവഹാരമാക്കി മാറ്റുകയായിരുന്നു അദ്ദേഹം ചെയ്തത്. കെ പി അപ്പന് ശേഷം മലയാളവിമർശനത്തിൽ വലിയൊരു ശൂന്യത ഉണ്ടായതായും പി കെ രാജശേഖരൻ പറഞ്ഞു.

കോളജ് സെമിനാർ ഹാളിൽ നടന്ന അപ്പൻ അനുസ്മരണം പ്രിൻസിപ്പാൾ ഡോ. ആർ സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. മലയാളവിഭാഗം മേധാവി ഡോ. എം എസ് സുചിത്ര അദ്ധ്യക്ഷയായിരുന്നു. ഡോ. എസ് വി മനോജ്, അധീഷ് യു, ശ്രീജ എൻ എന്നിവർ സംസാരിച്ചു.



*കൊല്ലം ശ്രീനാരായണ കോളേജിലെ മലയാള വിഭാഗം സംഘടിപ്പിച്ച കെ.പി അപ്പൻ അനുസ്മരണം കോളേജ് പ്രിൻസിപ്പൽ ഡോ. ആർ. സുനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു. മലയാള വിഭാഗം മേധാവി ഡോ. എം.എസ് സുചിത്ര, സാഹിത്യ വിമർശകൻ ഡോ. പി.കെ. രാജശേഖരൻ എന്നിവർ സമീപം*

## കെ.പി. അപ്പൻ അനുസ്മരണം

കൊല്ലം: കൊല്ലം ശ്രീനാരായണ കോളേജിൽമലയാളവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന കെ.പി. അപ്പൻ അനുസ്മരണം പ്രിൻസിപ്പൽഡോ. ആർ. സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. മലയാള വിഭാഗം മേധാവി ഡോ. എം.എസ്. സുചിത്ര അദ്ധ്യക്ഷത വഹിച്ചു. നിരൂപകൻ ഡോ. പി.കെ. രാജശേഖരൻ അനുസ്മരണ പ്രഭാഷണം നടത്തി. ഐ. ക്യു. എ. സി കോഡിനേറ്റർ ഡോ. എസ്. വി. മനോജ് ആശംസ നേർന്നു. മലയാളവിഭാഗം അദ്ധ്യാപകരായ യു. അധീഷ് സ്വാഗതവും എൻ. ശ്രീജ നന്ദിയും പറഞ്ഞു.

വെയിലേറ്റ്
പൊള്ളിയപ്പോളാണ്
തണൽ തേടിയത്.
വെയിലു കൊള്ളാതെ
വയറുനിറയില്ല-തിനാൽ
വെയിൽ
കൊണ്ടുതന്നെയാവണം.
മരത്തണലുകൾ മാത്രമാണ്
പൊള്ളുമീ
പകലുകൾക്കൊരാശ്വാസം,
നാം കൊള്ളുമീ
തണലൊന്നും നമ്മൾ
നട്ടതല്ല, വരും
കാലമിതിലും
പൊള്ളുമെന്നുറപ്പാണ്,വരൂ
നമുക്കും നാളേക്കായ്
തണൽ നടാം ഒരു തൈ
നടാം.

ഷിബിൻ രാജ്
ബി.എ. പൊളിറ്റിക്കൽ

## നിശാ

നിശപോലെമായുമീ ഓർമ്മതൻ ചെപ്പുകൾ
പുലർകാലസന്ധ്യയെ പൂവിട്ടുവരവേൽക്കാൻ..
പുലർമഞ്ഞുവീണു വിരിയുന്നപൂക്കളാൽ
സൂര്യകിരണങ്ങളേറ്റു വാടിയുലയുന്ന പൂക്കളും..
പ്രകൃതിതൻ സൂര്യകിരണങ്ങൾ മാഞ്ഞീടുന്നു..
രാത്രിയാം വേളയിൽ സൗന്ദര്യമേകാൻ-
ഓരോ ചെറുനക്ഷത്രവും മിന്നിമറയുന്നു..
നിശയാർന്ന നിലാവിനെ നോക്കി
നാം കൈകോർത്തിരുന്നതും...

സ്വപ്നാ ദാസ് എസ്
2 ാം ബി.എ മലയാളം



"ഈ ലോകം സത്യത്തിലാണ് സ്ഥിതിചെയ്യുന്നത്, അതുകൊണ്ട് കള്ളം പറയരുത്, സത്യം മാത്രം പറയുക"

ശ്രീനാരായണഗുരു

# "മലയാള സിനിമയിലെ മിന്നൽ വെളിച്ചം"

"പ്രിയംവദ കാതരയാണോ" എന്ന് അന്വേഷിച്ചു പോയ എഞ്ചിനീയറിങ്ങ് ബിരുദധാരി ഇന്ന് എത്തി നിൽക്കുന്നത് മലയാളത്തിലെ മികച്ച യുവ സംവിധായകന്മാരിലൊരാളായാണ്. ബേസിൽ എന്ന യുവ സംവിധായകനെ അറിയുന്ന ഏവർക്കും കുറുക്കൻമൂലയും, മനയത്തുവയലും സുപരിചിതമായിരിക്കും. അതേ, മലയാളിയായ ഏതൊരുവനെയും രണ്ടര മണിക്കൂർ എങ്ങനെ സിനിമാ കൊട്ടകയിൽ ത്രസിപ്പിക്കണമെന്ന് ബേസിലിന്റെ തൂലികയ്ക്ക് അറിയാം. അഭിനയത്തിലും താൻ ഒട്ടും പിറകിലല്ല എന്ന് ബേസിൽ ഇതിനോടകം തെളിയിച്ചു കഴിഞ്ഞു.

ഹോളിവുഡിലെ സൂപ്പർ ഹീറോകളെയെല്ലാം നാം ആരാധിക്കുമ്പോഴും നാം വിട്ടുപോകുന്ന ഒരു കാര്യമുണ്ട്. അവരെല്ലാം തന്നെ, നഗരങ്ങളിൽ നിന്നു വന്ന് നഗരങ്ങളെ രക്ഷിക്കുന്നവരാണ് , പല രീതിയിൽ. എന്നാൽ "മിന്നൽമുരളി" എന്ന ചിത്രത്തിൽ അതിൽ നിന്നും വ്യത്യസ്തമായി നമ്മുടെ നാട്ടിൻപുറത്തുളള ഒരു സൂപ്പർ ഹീറോയെ അവതരിപ്പിക്കുകയാണ് ബേസിൽ ജോസഫ് ചെയ്യുന്നത്. മലയാള സിനിമയിൽ പല തരത്തിലുള്ള സിനിമകൾ പിറവി കൊണ്ടിട്ടുണ്ടെങ്കിലും സ്പൈഡർമാനും ബാറ്റ്മാനും സൂപ്പർമാനും പോലുള്ള ഒരു സൂപ്പർ ഹീറോ ചിത്രം ഇത്രയും നാൾ മലയാള സിനിമാ ലോകത്തിന് അന്യമായിരുന്നു. എന്നാൽ ഇന്ന് മലയാളത്തിന് ഒരു സൂപ്പർ ഹീറോയുണ്ട്. വയനാടുകാരനായ ബേസിൽ ജോസഫിന്റെ പേരിൽ അത് എന്നും കരുത്തുറ്റു നിൽക്കുകയും ചെയ്യും.

ഹോളിവുഡിലെ പോലെയുള്ള **VFX** സംവിധാനങ്ങൾ ഇല്ലാത്തതുമൂലം തന്നെ ആ പരിമിധികളിൽ നിന്നു കൊണ്ടാണ് ഈ ചിത്രം ബേസിലും കൂട്ടുകാരും പൂർത്തിയാക്കിയിരിക്കുന്നത്. ചിലന്തി വല വീശുന്ന സ്പൈഡർമാൻ ലോകം എങ്ങും തന്നെ പ്രശസ്തനാണ്. അതുപോലെ തന്നെ എല്ലായിടത്തും കാണുന്ന ഒരു പ്രതിഭാസമാണ് മിന്നൽ.

തന്റെ നായകന് അമാനുഷിക ശക്തി നൽകി തനിക്ക് ഇത്രയും വലിയൊരു വിജയം സമ്മാനിച്ച മിന്നലിനെ എങ്ങനെയാണ് ഒരാൾക്ക് ഇഷ്ടപ്പെടാതിരിക്കാൻ കഴിയുക. എന്നാൽ മിന്നലിനെ പലർക്കും തന്നെ ഭയമാണ്. കണ്ണഞ്ചിപ്പിക്കുന്ന ആ വെളിച്ചവും കൂട്ടായി വരുന്ന ഇടിമുഴക്കവും മനുഷ്യനെ ഭയചകിതനാക്കുന്നു. എന്നാൽ ചിലർ അതിനെ ഇഷ്ടപ്പെടുന്നുമുണ്ട്.

അതിലൊരാൾ പ്രശസ്ത ശാസ്ത്രജ്ഞനായ 'ബെഞ്ചമിൻ ഫ്രാങ്കിളിനാണ്'. ഇടിമിന്നലുള്ള സമയത്ത് പട്ടം പറത്തി സ്വന്തം ജീവിതത്തെ തന്നെ അപകടത്തിലാക്കിയ ആ ബുദ്ധിമാനും അല്പം വിഡ്ഢിയുമായ ആ ശാസ്ത്രജ്ഞനെപ്പറ്റി നമുക്കെല്ലാവർക്കുമറിയാം. മറ്റൊരാൾ വെള്ളിത്തിരയിൽ മിന്നലടിപ്പിച്ച ബേസിൽ ജോസഫാണ്.

AVENGERS തുടങ്ങിയ സീരീസുകളോട് കിടപിടിക്കുന്നതല്ലെങ്കിലും, മലയാളിയെ ത്രസിപ്പിക്കാൻ എന്ത് വേണം എന്ന് ബേസിലിന് നന്നായി അറിയാമായിരുന്നു. സിനിമ ഒരു അനുഭവവും ഓർമ്മയുമാക്കി മാറ്റാനാണ് ഈ വയനാടുകാരൻ എന്നും ശ്രമിക്കുന്നത്. 'ടൊവിനോ' എന്ന നടനൊപ്പം 'ഗുരു സോമസുന്ദരവും', ഷാൻ റഹ്മാന്റെ സംഗീതവും ഒന്നിച്ചപ്പോൾ മലയാള ചലച്ചിത്ര പ്രേമികൾക്ക് ലഭിച്ചത് എക്കാലത്തെയും ഒരു അനുഭവമായിരുന്നു.

എഞ്ചിനീയറിങ്ങ് വിദ്യാർത്ഥികൾ സിലബസിലുള്ളത് ഒഴികെ എല്ലാം പഠിക്കും എന്നത് ബേസിലിന്റെ കാര്യത്തിലും ഏകദേശം ശരിയാണ്. 1984ൽ 'ജിജോ പൊന്നൂസ്' ഇന്ത്യയിലെ തന്നെ ആദ്യത്തെ 3D ചലച്ചിത്രമായ മൈ ഡിയർ കുട്ടിച്ചാത്തൻ എന്ന ചിത്രം ചെയ്യുമ്പോൾ അത് മലയാള സിനിമാ ലോകത്തിന് അഭിമാനാർഹമായ നേട്ടമായിരുന്നു. വർഷങ്ങൾക്കിപ്പുറം അതിൽ നിന്ന് ആർജ്ജവം ഉൾക്കൊണ്ട് മലയാളത്തിലെ ആദ്യത്തെ സൂപ്പർ ഹീറോ ചിത്രമായ മിന്നൽമുരളിയെ വെള്ളിത്തിരയിലെത്തിച്ച ബേസിൽ ജോസഫും സംഘവും മലയാള സിനിമയുടെ കിരീടത്തിൽ മറ്റൊരു പൊൻതൂവൽ കൂടി ചേർത്തിരിക്കുന്നു.

"തിര" എന്ന സിനിമയിൽ വിനീത് ശ്രീനിവാസന്റെ സംവിധാന സഹായിയാണ് ബേസിൽ ജോസഫ് സിനിമാ ലോകത്തേക്ക് വരുന്നത്. ആദ്യ ചിത്രം കുഞ്ഞിരാമായണവും, തുടർന്നു വന്ന ഗോദ യും ജനശ്രദ്ധ ആകർഷിച്ചിരുന്നു. കോതമംഗലം എഞ്ചിനീയറിങ്ങ് കോളജിലെ മെക്കാനിക്കൽ ബ്രാഞ്ചിന്റെ സെമസ്റ്റർ പരീക്ഷയുടെ ചോദ്യക്കടലാസിൽ മിന്നൽമുരളി സ്ഥാനം പിടിച്ചത് ആ ചിത്രത്തിന് ലഭിച്ച സ്വീകാര്യതയുടെ തെളിവാണ്.

തൊട്ടതെല്ലാം പൊന്നാക്കാൻ വരം ലഭിച്ച 'മിഡാസ്' രാജാവിന്റേത് വെറുമൊരു ഐതിഹ്യ കഥയാണ്. എന്നാൽ സ്വന്തം ജീവിതത്തിൽ തൊട്ടതെല്ലാം പൊന്നാക്കാൻ വരം ലഭിച്ച കലാകാരനാണ് ബേസിൽ ജോസഫ്. തന്റെ ചിത്രങ്ങളിലെല്ലാം വന്ന് മുഖം കാണിക്കുന്ന ഒരു അതുല്യ പ്രതിഭയുമാണ് ബേസിൽ. അതിലുപരി മായാനദി, പടയോട്ടം ,നിത്യഹരിത നായകൻ, മനോഹരം, ഗൗതമൻറെ രഥം, തുടങ്ങി അഭിനയത്തിൻറെ ഒരു വൻനിര തന്നെ ബേസിൽ മലയാളികൾക്ക് സമ്മാനിച്ചിട്ടുണ്ട്. താൻ അഭിനയിച്ച ചിത്രങ്ങളിലൂടെയും സംവിധാനം ചെയ്ത ചിത്രങ്ങളിലൂടെയും 2021 എന്ന വർഷം തന്റേതാക്കി മാറ്റുകയായിരുന്നു ഈ കലാകാരൻ.

- അമർനാഥ് വർഗീസ്



Owned, Edited, Printed & Published by
Dr.R.Sunilkumar, Principal,
Sree Narayana College, Kollam'

Printed at : Sunil Printers,
Kadappakkada, Kollam.

Editors : Arun Ravi (Assi-Prof.Dept of English)
.Dr. Biju .M.S (Assi - Prof - Dept of Malayalam)
(For Private circulation only)